**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3739 15/05/2017-ൽ മറുപടിയ്ക്ക്

# പാലക്കാട് ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. ബാബു** | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ എത്ര സർക്കാർ സ്കൂളുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് വിശദമാക്കുമോ; | (എ) പാലക്കാട് ജില്ലയിൽ 20 സർക്കാർ സ്കൂളുകൾ നിലവിൽ സ്വന്തമല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. അതിൽ 14 എണ്ണം വാടക നൽകിയും 4 എണ്ണം മുൻസിപ്പാലിറ്റി/പഞ്ചായത്ത് കെട്ടിടത്തിലും 1 എണ്ണം ഫോറസ്റ്റ് വകുപ്പ് വക കെട്ടിടത്തിലും മറ്റൊന്ന് സ്വകാര്യ എസ്റ്റേറ്റ് വക കെട്ടിടത്തിലും വാടക നൽകാതെ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത കെട്ടിടങ്ങൾക്കുള്ള വാടക കാലോചിതമായി പരിഷ്കരിക്കാറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) ഉണ്ട്. കെട്ടിട ഉടമസ്ഥർ നൽകിയ വാടക പുന:നിർണ്ണയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളുടെ വാടക പുന:നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. |
| (സി) ഇത്തരത്തിലുള്ള വാടക കെട്ടിടങ്ങൾ സർക്കാരിലേക്ക് നല്കുവാൻ സമ്മതമാണെങ്കിൽ ആവശ്യമായ തുക നൽകി ഏറ്റെടുക്കുവാൻ സന്നദ്ധമാകുമോ; വിശദമാക്കാമോ? | (സി) പരിഗണനയിലില്ല |

Shaila M

സെക്ഷൻ ഓഫീസർ